ശ്രീ. ഉമ്മൻ ചാണ്ടി: ശ്രീ. ജയരാജൻ ഇത്ര അപഹാസ്യമായ രീതിയിൽ ഒരു ആക്ഷേപം ഇവിടെ പറഞ്ഞതിനെക്കുറിച്ച് അങ്ങേക്ക് എന്താണ് പറയാനുള്ളത്? ഇവിടെ ഒരു സാധനമുണ്ടാക്കിയാൽ ലോകത്ത് ഒരിടത്തും അത് കയറ്റി അയയ്ക്കണ്ടേ? അതാണോ നിങ്ങളുടെ നയം?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: നിങ്ങളുടേത് മാത്രമായ മലയാള മനോരമ പത്രത്തിൽ വന്ന വാർത്തയാണ് ഇവിടെ ഉന്നയിച്ചത്. അത് ലണ്ടനിൽ പിടിച്ച കാര്യം മനോരമ പത്രത്തിലാണ് റിപ്പോർട്ട് ചെയ്തത്. അതിന്റെ അടിസ്ഥാനത്തിലാണ് ഈ പ്രശ്നം ഉന്നയിച്ചത്. അതിന്റെ നിജസ്ഥിതി എന്താണെന്ന് മനസ്സിലാക്കേണ്ടേ? ഒരു മെമ്പർ ഒരു പ്രശ്നം ഉന്നയിച്ചാൽ എന്താണ് തെറ്റ്? ശ്രീ. ജയരാജൻ പത്ര വാർത്തയുടെ അടിസ്ഥാനത്തിലാണ് ഈ പ്രശ്നം ഉന്നയിച്ചത്. അതിന്റെ യഥാർത്ഥ കാരണം ഇവിടെ പറയണ്ടേ?

ശ്രീ. ഉമ്മൻ ചാണ്ടി: ഇതുപോലെ അങ്ങും അപഹാസ്യനാകരുത്. കേരളത്തിലുണ്ടാക്കിയ ഉൽപ്പന്നം കേരളത്തിന് പുറത്തേക്ക് അയയ്ക്കാൻ പാടില്ല എന്നാണോ? ഇവിടെ ഉൽപ്പാദിപ്പിച്ചു. അവിടെ സാധനം കൊടുത്തു. അങ്ങും ഇങ്ങനെ അപഹാസ്യനാകരുത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ശ്രീ. ജയരാജൻ ഉന്നയിച്ച പത്ര വാർത്ത തെറ്റാണെങ്കിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ഇവിടെ പറയാം. പറയുന്നത് ഞങ്ങൾ കണക്കിലെടുക്കാം. മറിച്ച് ഈ പ്രശ്നം ഇവിടെ അവതരിപ്പിക്കാനേ പാടില്ല എന്ന് മുഖ്യമന്ത്രി പറയുന്നത് ശരിയല്ല.

ശ്രീ. ഉമ്മൻ ചാണ്ടി: ഇവിടെ അവതരിപ്പിക്കാൻ പാടില്ല എന്നല്ല പറഞ്ഞത്. ഭീകരവാദവുമായി ബന്ധമുണ്ട് എന്ന് പറയുന്നത് വളരെ നിർഭാഗ്യകരമാണ്. ഇവിടെ നിന്ന് കയറ്റി അയച്ചതാണ്. ഒമ്പത് രാജ്യങ്ങളിലേക്ക് അവർ കയറ്റി അയയ്ക്കുന്നുണ്ട്. പക്ഷേ ഇതുപോലെ ഈ സഭയിൽ കൊണ്ടുവന്ന് സത്യവുമായി ഒരു ബന്ധവുമില്ലാത്ത കാര്യങ്ങളെക്കുറിച്ച് ആളുകളെ ഭയപ്പെടുത്തുവാൻ നടത്തുന്ന ശ്രമങ്ങൾ നിർഭാഗ്യകരമാണ്. ഇതിന് ഭീകരവാദവുമായി ഒരു ബന്ധവുമില്ല. ഏത് പത്രത്തിൽ വന്നാലും ഭീകരവാദവുമായി അതിന് ഒരു ബന്ധവുമില്ല.

(14) ഉദയംപേരൂരിൽ പോലീസ് സ്റ്റേഷൻ

ശ്രീ. കെ. ബാബു: സർ, തൃപ്പൂണിത്തുറ ഹിൽപാലസ് പോലീസ് സ്റ്റേഷൻ വിഭജിച്ച് ഉദയംപേരൂരിൽ ഒരു പുതിയ പോലീസ് സ്റ്റേഷൻ സ്ഥാപിക്കണമെന്നുള്ള ആവശ്യം കുറച്ചുകാലമായി ഗവൺമെന്റിന്റെ മുമ്പിലുണ്ട്. കൊച്ചി സിറ്റിയിൽ ഏറ്റവും വിസ്തൃതമായ ജൂറിസ്ഡിക്ഷനുള്ള പോലീസ് സ്റ്റേഷനാണ് ഹിൽ പാലസ്

LIBRARY ARCHIVES Kerala Legislative Assembly

പോലീസ് സ്റ്റേഷൻ. അതുപോലെതന്നെ ഏറ്റവും കൂടുതൽ ക്രൈം കേസുകൾ രജിസ്റ്റർ ചെയ്യുന്നതും തൃപ്പൂണിത്തുറ ഹിൽ പാലസ് പോലീസ് സ്റ്റേഷനിലാണ്. വൈക്കം കഴിഞ്ഞാൽ 30 കിലോമീറ്ററിനുള്ളിൽ ആകെയുള്ളത് തൃപ്പൂണിത്തുറ പോലീസ് സ്റ്റേഷനാണ്. അതുകൊണ്ട് ഹിൽ പാലസ് പോലീസ് സ്റ്റേഷൻ വിഭജിച്ച് ഒരു പുതിയ പോലീസ് സ്റ്റേഷൻ ഉദയംപേരൂരിൽ സ്ഥാപിക്കണമെന്നുള്ള നിർദ്ദേശം ഗവൺമെന്റിന്റെ മുമ്പിലുണ്ട്. അത് അടിയന്തിരമായി നടപ്പാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി *(ശ്രീ. ഉമ്മൻ ചാണ്ടി):* അങ്ങനെയൊരു നിർദ്ദേശം ഡി.ജി.പി.-യിൽ നിന്ന് ഗവൺമെന്റിന് കിട്ടിയിട്ടുണ്ട്. അത് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. അതിൻമേൽ എത്രയും വേഗം നടപടിയെടുക്കും.

(15) പറവൂരിൽ സുഭാഷകൻ എന്ന ആൾ കൊലചെയ്യപ്പെട്ടത് സംബന്ധിച്ച്

ശ്രീ. വി. ഡി. സതീശൻ: സർ, 2-ാം തീയതി വെളുപ്പിന് പറവൂർ നാലുവഴിക്ക് അടുത്ത് ബിവറേജസ് കോർപ്പറേഷന്റെ ഔട്ട്‌ലെറ്റിന് സമീപം പറവൂർ നന്ത്യാട്ടുകുന്നം മച്ചമ്പേരിവീട്ടിൽ 58 വയസ്സുള്ള സുഭാഷകൻ എന്ന ആൾ കൊലചെയ്യപ്പെട്ടതായി കാണുകയുണ്ടായി. പറവൂരിലും പരിസര പ്രദേശത്തും കഴിഞ്ഞ കുറേ നാളുകളായി നിരവധി കൊലപാതകങ്ങളും അക്രമപരമ്പരകളും നടക്കുകയാണ്. കഴിഞ്ഞദിവസം ബഹുമാനപ്പെട്ട ഡോ. തോമസ് ഐസക് ഇവിടെ അവതരിപ്പിച്ച അടിയന്തിര പ്രമേയത്തിൽ പറഞ്ഞ പല കാര്യങ്ങളോടും ഞാൻ യോജിക്കുന്നു. അവിടെ രണ്ട് ചിട്ടിക്കമ്പനികളുമായി ബന്ധപ്പെട്ട് നടക്കുന്ന അക്രമ പരമ്പരകളും, കൊലപാതകങ്ങളും, ഗുണ്ടായിസവും ആ പ്രദേശത്തെ മുഴുവൻ ജനങ്ങളേയും ഭീതിയിൽ ആഴ്ത്തിയിരിക്കുകയാണ്. ഞാനും ബഹുമാനപ്പെട്ട ഞാറയ്ക്കൽ എം.എൽ.എ. ഡോ. എം. എ. കുട്ടപ്പനും ഇതുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിക്ക് ഒരു പരാതി സമർപ്പിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് നടന്ന കണിച്ചുകുളങ്ങര കൊലപാതകം ഉൾപ്പെടെയുള്ള സംഭവങ്ങളും, ഇതിനുമുമ്പ് നടന്ന കൊലപാതകങ്ങളും, ഈ രണ്ട് ചിട്ടിക്കമ്പനികൾ അവിഹിതമായി സമ്പാദിച്ച പണവും, അവർ നടത്തുന്ന ഗുണ്ടാ പ്രവർത്തനങ്ങളും, അതുമായി ബന്ധമുള്ള പോലീസ് ഉദ്യോഗസ്ഥന്മാരെക്കുറിച്ചും, ഏതെങ്കിലും രാഷ്ട്രീയ നേതാക്കൻമാർ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ അവരെക്കുറിച്ചും അന്വേഷണ പരിധിയിൽ കൊണ്ടുവരണം. പൊതുവെ നമ്മുടെ നാട്ടിൽ എന്ത് സംഭവമുണ്ടായാലും പൊളിറ്റിക്കൽ നെക്സസ് ആരോപിക്കപ്പെടുന്നത് സ്വാഭാവികമാണ്. ഇതിന്റെ പേരിൽ ഒരുപാട് പേർ ഇപ്പോൾ പീഡിപ്പിക്കപ്പെടുകയാണ്. ഓരോ പത്രങ്ങളും ദിവസവും ഓരോരുത്തരുടെ പേരുകൾ

LIBRARY ARCHIVES Kerala Legislative Assembly